# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5867

25.05.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയെ ആധുനികവത്ക്കരിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**
**" ഹൈബി ഈഡൻ**
**" ഐ.സി.ബാലകൃഷ്ണൻ**
**" അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയെ ആധുനികവത്ക്കരിക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഗവൺമെന്റ് ആവിഷ്ക്കരിച്ച നടപ്പാക്കിയതെന്ന വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തവും സഹകരണവുമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം?

(എ), (ബി) & (സി) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കോർബാങ്കിംഗ് നടപ്പിലാക്കുന്നതിന് പ്രോജക്ട് ചെലവിന്റെ 90 % അഥവാ 10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക ധനസഹായമായി അനുവദിക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെ തുടർന്ന സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

കോമൺ സോഫ്റ്റ്വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും

…….2

എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

SeMT, സംസ്ഥാന ഐ.ടി വകുപ്പ് എന്നിവരുടെ പങ്കാളിത്തവും സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവരുടെ സഹകരണവുമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത്.

**സെക്ഷൻ ഓഫീസർ**